## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 125** **22.3.2013-ൽ മറുപടിയ്ക്ക്**

**ക്ഷീരധാരാപദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.കെ.രാജു<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

എ) ക്ഷീരധാരാ പദ്ധതി എത്ര ഘട്ടങ്ങളായിട്ടാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഇതിൽ എത്ര ഘട്ടം പൂർത്തിയായി ;

എ) ക്ഷീരധാര പദ്ധതി രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിൽ ഒന്നാം ഘട്ടം കേരളം മുഴുവൻ നടപ്പിലാക്കി വരുന്നു.

ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നടപ്പാക്കിയ നടപടികൾ ഏതെല്ലാം ;

ബി) ക്ഷീരധാര ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 20 മുതൽ 30 ലിറ്റർ വരെ പ്രതിദിന ഉൽപാദനക്ഷമതയുള്ള ശുദ്ധ ജനുസ്സിൽപ്പെട്ട ഹോൾസ്റ്റയിൻ ഫ്രീഷ്യൻ, ജഴ്സി എന്നീ വിദേശ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജം ക്ഷീരകർഷകർ പരിപാലിക്കുന്ന ഉൽപാദനക്ഷമത കൂടിയ പശുക്കളിൽ സൗജന്യമായി കുത്തിവയ്ക്കുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിവിധ സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നും അത്യുൽപാദനക്ഷമതയുള്ള ജഴ്സി, ഹോൾസ്റ്റ്യൻ വിത്തുകാളകളെ വാങ്ങി കെ.എൽ.ഡി ബോർഡിന്റെ അത്യാധുനിക എ ഗ്രേഡ് സെമൻ സ്റ്റേഷനുകളായ മാട്ടുപ്പെട്ടി, ധോണി എന്നീ ബീജ ബാങ്കുകളിൽ സംസ്കരിച്ച് കേരളം മുഴുവൻ വിതരണം ചെയ്തു വരുന്നു. വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അത്യുൽപാദനശേഷിയുള്ള നൂറിലധികം വിത്തുകാളകളെ ഇതിനകം ക്ഷീരധാര പദ്ധതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു.

| | | | |
|---|---|---|---|
| സി) | രണ്ടാം ഘട്ടത്തിൽ ഏതെല്ലാം ഇനത്തിൽപ്പെട്ട ജനുസ്സുകളുടെ ബീജമാണ് വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നത്; ഇവ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | സി) | വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത ജഴ്സി, ഹോൾസ്റ്റയിൻ ഫ്രീഷ്യൻ എന്നീ ജനുസ്സുകളുടെ ബീജമാത്രകൾ ഇടുക്കി, വയനാട് ജില്ലകളിലെ തെരെഞ്ഞെടുത്ത വെറ്ററിനറി സെന്ററുകൾ വഴി കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിരുന്നത്. ഇത് ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. |
| ഡി) | രോഗ പ്രതിരോധ ശേഷിയും ഏറെ ഗുണനിലവാരമുള്ളതുമായ കേരളത്തിന്റെ തനതു ജനുസ്സമായ വെച്ചൂർ മൂരിയുടെ ബീജ വിതരണം അട്ടിമറിക്കപ്പെട്ടിരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് വ്യാപകമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | ഡി ) | ഇങ്ങനെ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല . കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ ഫാമുകളിലുള്ള ശുദ്ധജനുസ്സിൽപ്പെട്ട 9 വെച്ചൂർ കാളകളിൽ നിന്നും ഇതു വരെ 10520 ബീജമാത്രകൾ ശേഖരിച്ചു കഴിഞ്ഞു. ഇത് കർഷകരുടെ ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നു. |

Seele

**സെക്ഷൻ ഓഫീസർ**